ഉത്തരം

(എ) നൽകിയിരുന്നു.

(ബി) പ്രസ്തുത അപേക്ഷ അനന്തര നടപടി സ്വീകരിക്കുന്നതിനായി ഡി.റ്റി.പി.സി. കോഴിക്കോടിന് നൽകിയിട്ടുണ്ട്.

കുന്നത്തൂർ താലൂക്കിലെ തീർത്ഥാടന ടൂറിസം

79 (5997) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കുന്നത്തൂർ താലൂക്കിലെ ശാസ്താംകോട്ട ശുദ്ധജല തടാകവുമായും താലൂക്കിലെ പോരുവഴി പെരുവിരുത്തി മലനടക്ഷേത്രം, ശാസ്താംകോട്ട മൗണ്ട് ഹൊറേബ് ആശ്രമം, തെക്കൻ മലയാറ്റൂർ പള്ളി എന്നറിയപ്പെടുന്ന ശാസ്താംകോട്ട സെന്റ് തോമസ് ദേവാലയം, ചന്ദനക്കുട മഹോത്സവത്തിന് പ്രസിദ്ധമായ പോരുവഴി മയ്യത്തുംകരപള്ളി, പ്രസിദ്ധമായ ഗജമേള നടക്കുന്ന 'ആനയടി നരസിംഹക്ഷേത്രം' കഥകളിക്ക് പ്രസിദ്ധമായ മൈനാഗപ്പള്ളി മണ്ണൂർകാവ് ക്ഷേത്രം, 'മുതുവിലാക്കാട് പാർത്ഥസാരഥി ക്ഷേത്രം, ശബരിമലയുടെ ഇടത്താവളമായ തടാക കരയിലെ ശാസ്താംകോട്ട ശ്രീധർമ്മ ക്ഷേത്രം എന്നിവയെ ബന്ധിപ്പിച്ച് തീർത്ഥാടന ടൂറിസം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

തീർത്ഥാടന കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്ന പദ്ധതി ഇപ്പോൾ ടൂറിസം വകുപ്പ് പരിഗണിക്കുന്നില്ല.

വടകരയിലെ സാന്റ് ബാങ്ക്സ് ടൂറിസ്റ്റ് കേന്ദ്രം

80 (5998) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകരയിലെ സാന്റ്ബാങ്ക്സ് ടൂറിസ്റ്റ് കേന്ദ്രത്തിലേക്കുള്ള വടകര-പുറങ്കര റോഡ് ടൂറിസം പദ്ധതിയിൽപ്പെടുത്തി വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) വടകര-ലോകനാർകാവ് ടൂറിസം റോഡിനെ റോഡുമായി ബന്ധിപ്പിച്ച് ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വികസനത്തിന് സാധ്യത വർദ്ധിപ്പിക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) വടകര-ലോകനാർകാവ് ടൂറിസം റോഡുമായി ബന്ധപ്പെട്ട് ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വികസനം ഒന്നും ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ഈ

LIBRARY ARCHIVES Kerala Legislative Assembly